കർമ്മല കുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 121 വർഷങ്ങൾ

# വിശുദ്ധ കുർബാനയർപ്പണരീതിയും സിവിൽ കോടതിയിലെ വ്യവഹാരങ്ങളും

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

# കർമ്മല കുസുമം

**ആമുഖം**

എറണാകുളം മുൻസിഫ് കോടതി മുമ്പാകെ, സീറോ-മലബാർ സഭയുടെ ഔദ്യോഗിക അംഗീകാരമുള്ള കുർബാനയർപ്പണരീതി തങ്ങളുടെ ഇടവകയിലും നടപ്പിലാക്കിക്കിട്ടുവാനും സീറോ-മലബാർ സിനഡ് നിയമവിരുദ്ധമായി (illicit) പ്രഖ്യാപിച്ചതും എന്നാൽ തങ്ങളുടെ ഇടവകയിൽ തുടർന്നു വരുന്നതുമായ ജനാഭിമുഖകുർബാന വിലക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ചില ഇടവകാംഗങ്ങൾ സമർപ്പിച്ച പരാതിയിൽ എതിർകക്ഷികളായ സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെയും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ മാർ ബോസ്കോ പുത്തൂർ പിതാവിന്റെയും കോടതി സമക്ഷം സമർപ്പിച്ച മറുപടികൾ നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതോടൊപ്പംതന്നെ തൃപ്പൂണിത്തുറ സെന്റ് മേരിസ് ഫൊറോന പള്ളി വികാരിയുടെയും പാലാരിവട്ടം മാർട്ടിൻ ഡി പോറസ് പള്ളിവികാരിയുടെയും കോടതിയിൽ സമർപ്പിക്കപ്പെട്ട മറുപടികളും വായിക്കുവാനിടയായി. എന്നാൽ പരാതിക്കാരുടെ കോടതിസമക്ഷം സമർപ്പിക്കപ്പെട്ട പരാതിയുടെ പകർപ്പ് നവമാധ്യമങ്ങളിലൊന്നും കണ്ടെത്താൻ സാധിച്ചില്ല എന്ന പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ സിവിൾ കോടതിയിൽ വിശുദ്ധ കുർബാനയർപ്പണരീതി സംബന്ധിയായ വ്യവഹാരത്തിന്റെ സാംഗത്യവും സിവിൾ കോടതികൾക്ക് ഇങ്ങനെയുള്ള വ്യവഹാരങ്ങളിൽ എങ്ങനെയാണ് ഇടപെടാൻ സാധിക്കുക തുടങ്ങിയ കാര്യങ്ങളിൽ പൊതുജനസമക്ഷമുള്ള സന്ദേഹങ്ങളിൽ അല്പമാത്രമായ വ്യക്തത വരുത്തുക എന്ന ലക്ഷ്യമാണ് ഈ ലേഖനത്തിനുള്ളത്.

വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്തോസിലെ സഭയെ പ്രത്യേകം ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമാണ് തങ്ങളുടെ സഭയ്ക്കകത്തുള്ള പ്രശ്നങ്ങൾ സഭയ്ക്കകത്തു തന്നെയാണ് തീർക്കേണ്ടതെന്നും അത് സഭയ്ക്ക് പുറത്തുള്ള കോടതി മുമ്പാകെ എത്താതെ നോക്കണമെന്നും (cf. 1 കൊറി 6:1-8). ഇത് പൗലോശ്ലീഹായുടെ സ്വന്തം കണ്ടുപിടുത്തമായിരുന്നില്ല; പ്രത്യുത, മലയിലെ പ്രസംഗത്തിൽ കർത്താവ് ഈശോമിശിഹാ തന്റെ ശ്രോതാക്കളെ ഓർമ്മിപ്പിച്ച കാര്യം തന്നെയായിരുന്നു (cf. മത്താ 5:25). എന്നാൽ, എല്ലാ കാനോനിക സമിതികളിലും ചർച്ചചെയ്ത് എല്ലാ സമിതികളുടെയും കാനൻ നിയമം നിർദ്ദേശിച്ചിട്ടുള്ള നൈയാമിക അനുമതിയോടെ എറണാകുളം-അങ്കമാലി അതിരൂപത നടത്തിയ ഒരു ഭൂമി വിൽപ്പന സംബന്ധിയായി, കത്തോലിക്കാസഭയുടെ പരമോന്നത അധികാരിയായ മാർപാപ്പയുടെ നാമത്തിൽ പ്രവർത്തിക്കുന്ന പൗരസ്ത്യ കാര്യാലയവും അതുപോലെ പരമോന്നത നീതിപീഠമായ സിഞ്ഞത്തൂര അപ്പസ്തോലിക്കയും തെറ്റുകാരനല്ല എന്ന് വിധി പ്രസ്താവിച്ചിട്ടുള്ള മാർ ജോർജ് ആലഞ്ചേരി പിതാവിനെതിരെ സിവിൾ കോടതിയെ സമീപിച്ച് ആദ്യപാപം ചെയ്ത എറണാകുളം-അങ്കമാലി അതിരൂപതയിലെ വിമതർ ഇപ്പോൾ അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ സിവിൾ കോടതിയുടെ വിധി വരുമോ എന്നുള്ള ഭീതിയിലാണെന്ന് തോന്നുന്നു.

2022 മാർച്ച് 25 തീയതി, കത്തോലിക്കാ സഭയുടെ പരമാധികാരി ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കായി അയച്ച കത്തിൽ ആ വർഷം ഈസ്റ്ററിന് മുമ്പായി ആ രൂപതയിലാകമാനം നിയമാനുസൃതമായ വിശുദ്ധ കുർബാനയർപ്പണം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയ കത്തിൽ, അനുസരിച്ചില്ലെങ്കിൽ അത് കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന അവസ്ഥയിലേക്കായിരിക്കും പ്രസ്തുത അതിരൂപതയെ കൊണ്ടെത്തിക്കുക എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നുമുണ്ട്. എന്നാൽ, പ്രസ്തുത കത്ത് മാർപാപ്പ എഴുതിയതല്ലെന്നും, അതിലെ ഒപ്പ് മാർപാപ്പയുടെതല്ലെന്നും വത്തിക്കാന്റെ വെബ്സൈറ്റിൽ ആ കത്ത് കാണുന്നില്ലെന്നും അതിനാൽത്തന്നെ അത് കേരളത്തിൽ സിനഡനുകൂലികൾ വ്യാജമായി നിർമ്മിച്ചതാണെന്നുമായിരുന്നു വ്യാജരേഖ നിർമ്മാണത്തിന് കുപ്രസിദ്ധിയാർജ്ജിച്ചവർ ഉൾപ്പെടുന്ന എറണാകുളം വിമതയുടെ വായ്ത്താരി. അതിനാൽ, മാർപാപ്പ താനംഗമായ ഈശോ സഭക്കാരനായ സിറിൽ വാസിൽ പിതാവിനെ തന്റെ പ്രതിനിധിയായി (papal legate) മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (മർക്കോ 12:1-12) യിൽ കാണുന്ന തോട്ടത്തിന്റെ ഉടമസ്ഥനെപ്പോലെ, എറണാകുളം-അങ്കമാലിയിലെ പ്രശ്നപരിഹാരത്തിനായി പറഞ്ഞയച്ചെങ്കിലും എറണാകുളം വിമതർ അദ്ദേഹത്തെ അനുസരിക്കുന്നതിനുപകരം അസഭ്യവർഷംകൊണ്ട് അഭിഷേകം നടത്തി വെള്ളകുപ്പികൾകൊണ്ട് തലയ്ക്കിട്ടെറിഞ്ഞ് അദ്ദേഹത്തെ ഓടിക്കുവാനാണ് ശ്രമിച്ചത്. അങ്ങനെ, എറണാകുളം വിമതരുടെ കൂറ് കത്തോലിക്കാ സഭയോടോ ആ സഭയുടെ തലവനായ മാർപാപ്പയോടോ അല്ല എന്ന് സ്വകർമ്മം കൊണ്ട് തെളിയിച്ച അവരോടുകൂടി ഒരു എക്സ്ട്രാ മൈൽ (extra mile) കൂടി പോയി ആണെങ്കിലും എല്ലാവരെയും ചേർത്ത് പിടിക്കുവാനുള്ള അദമ്യമായ ആഗ്രഹത്താൽ പ്രേരിതനായി ഫ്രാൻസിസ് മാർപാപ്പ തന്നെ 2023

ഡിസംബർ 7-ാം തീയതി ഇറ്റാലിയൻ ഭാഷയിലുള്ള തന്റെ വീഡിയോ സന്ദേശം മലയാളഭാഷ തൽസമയ തർജ്ജമ എഴുതിക്കാണിച്ചുകൊണ്ട് നൽകിയതിലും എറണാകുളം-അങ്കമാലി അതിരൂപതയിൽ സീറോ-മലബാർ സഭയുടെ സിനഡ് തയ്യാറാക്കി മാർപാപ്പ അംഗീകരിച്ച വിശുദ്ധ കുർബാനയർപ്പണരീതി ഉടൻതന്നെ എല്ലായിടത്തും നടപ്പിലാക്കണമെന്ന് അർത്ഥശങ്കക്കിടമില്ലാത്തവിധം നിർദ്ദേശിക്കപ്പെട്ടപ്പോൾ, അതുപോലെ ആ സന്ദേശം വത്തിക്കാൻ വെബ്സൈറ്റിൽ ഇറ്റാലിയനിലും മലയാളത്തിലും പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ, വിമതരുടെ അടുത്ത ന്യായം മാർപാപ്പ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു എന്നും അതിനാൽത്തന്നെ, തങ്ങൾ മാർപാപ്പയുടെ കല്പന അനുസരിക്കുവാൻ കടപ്പെട്ടവരല്ല എന്നും തങ്ങളുടെ യൂണിയൻ നേതാക്കൾ തങ്ങളോട് അനുസരിക്കുവാൻ ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല എന്നുമാണ്. കത്തോലിക്കാസഭ അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേലാണ് പണിയപ്പെട്ടിരിക്കുന്നത് (എഫേ 2:20). ആ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെപ്പറ്റിയുള്ള *ജനതകളുടെ പ്രകാശം* എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുമുണ്ട്. കത്തോലിക്കാ തിരുസഭയിൽ ആധികാരികമായി പഠിപ്പിക്കുവാൻ അധികാരമുള്ളത് മെത്രാന്മാർക്കാണെന്നും അതെ സൂനഹദോസ് അർത്ഥശങ്കയ്ക്കിടവരാത്ത രീതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യന്റെ മുഖത്താണ് ദൈവമെന്നും അല്ല മനുഷ്യൻ തന്നെയാണ് ദൈവമെന്നും പരസ്യമായി പ്രഖ്യാപിച്ച വിമത വൈദിക നേതാവിനെയാണ് എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂരിപക്ഷം വരുന്ന വൈദിക-അല്മായ ഗണം ഉറ്റുനോക്കുന്നതായി കാണപ്പെടുന്നത് എന്നത് തീർത്തും പരിതാപകരവും അപലപനീയമാണെന്നത് വ്യക്തം. ഈ പശ്ചാത്തലത്തിൽവേണം 2024 ജനുവരിയിൽ സമ്മേളിച്ച സിനഡ് പിതാക്കന്മാർ എല്ലാവരുംകൂടി ഒപ്പിട്ട കത്ത് എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ തന്റെ 2024 ജനുവരി 15-ാം തീയതിയിലെ കത്തോടുകൂടി രൂപതയിലെ എല്ലാ വൈദികർക്കും അയച്ചുകൊടുത്തുകൊണ്ട് അന്നുമുതൽ സീറോ- മലബാർ സഭയുടെ ഔദ്യോഗിക ബലിയർപ്പണരീതി മാത്രമേ പ്രസ്തുത അതിരൂപതയിൽ അനുവദനീയമായിട്ടുള്ളൂ എന്ന് വ്യക്തമായി പ്രഖ്യാപിച്ചത്. അതിനുശേഷവും, എല്ലാ സഭാധികാരികളുടെയും വ്യക്തമായ കൽപ്പനകളുടെ നഗ്നലംഘനം നടത്തിക്കൊണ്ട് നിയമവിരുദ്ധ ജനാഭിമുഖ ബലിയർപ്പണം തുടർന്നപ്പോളാണ് വിശ്വാസികളിൽ ചിലർ തങ്ങളുടെ മൗലീകാവകാശമായ ആരാധനാസ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കുന്ന വിമത വൈദികർക്കെതിരെ സിവിൾ കോടതിയെ സമീപിക്കുന്നത്.

**1. സിവിൾ കോടതിക്ക് ആരാധനാസംബന്ധിയായ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കാനാവുമോ?**

വിശ്വാസവും ദൈവാരാധനയും സംബന്ധിയായ കാര്യങ്ങളിൽ പരമാധികാരം അതാത് മതാധികാരികൾക്ക് തന്നെയാണ്. ഒരു മതത്തിലെ അംഗങ്ങൾ എന്ത് വിശ്വസിക്കണം, എങ്ങനെ ആരാധിക്കണം എന്ന് രാജ്യത്തിലെ കോടതികൾക്ക് ഒരിക്കലും തീരുമാനിക്കാനാവില്ല. എന്നാൽ, ഒരു കോടതിയുടെ അധികാരപരിധിയിൽ വരുന്ന പൗരന്മാർ തമ്മിലുള്ള തർക്കങ്ങളിൽ തർക്കസംബന്ധിയായ കാര്യം നടന്നത്, അഥവാ നടക്കുന്നത്, അഥവാ നടക്കുവാൻ സാധ്യതയുള്ളത് കോടതിയുടെ അധികാരപരിധിക്കകത്തുള്ള സ്ഥലത്ത് അഥവാ സ്ഥാപനത്തിലാണെങ്കിൽ കോടതിക്കിടപെടാനുള്ള സ്വാതന്ത്ര്യം ഇന്ത്യാരാജ്യത്തിലെ നിയമം സിവിൾ കോടതികൾക്ക് നൽകിയിട്ടുണ്ട്. അത് ഉപയോഗിക്കുവാൻ ഒരു കോടതി തീരുമാനിച്ചാൽ, കോടതിക്ക് തെറ്റുപറ്റിയെന്ന് പറയാനാവില്ല. കാരണം, കോടതികൾ നീതി നടപ്പിലാക്കുവാനുള്ള രാജ്യത്തിന്റെ സംവിധാനമാണല്ലോ. നിയമലംഘനം തടയുക, നിയമവാഴ്ച നിലനിൽക്കുവാനായി വേണ്ടതെല്ലാം ചെയ്യുക എന്നത് കോടതികളുടെ ദൗത്യത്തിന്റെ ഭാഗം തന്നെ. പക്ഷേ, ഇങ്ങനെയുള്ള പരാതികളിൽ സിവിൾ കോടതി ഇടപെടാൻ തീരുമാനിച്ചാൽ അതിനുള്ള കാരണം അതാത് മതങ്ങളിൽ, അഥവാ പ്രസ്ഥാനത്തിൽ, പ്രസ്തുത പരാതികൾ പരിഹരിക്കുവാനുള്ള സംവിധാനങ്ങളോ അധികാരികളോ നടപടിക്രമങ്ങളോ ഇല്ലാത്തതുകൊണ്ട് മാത്രമാകണമെന്നില്ല, മറിച്ച് നടപടികളെടുക്കേണ്ട ഉത്തരവാദിത്തപ്പെട്ടവർ അവരുടെ ദൗത്യം വേണ്ടപോലെ സമയാസമയങ്ങളിൽ നിർവഹിക്കാത്തതുകൊണ്ട് പരാതിക്കാർക്ക് നീതി നിഷേധിക്കപ്പെടുന്നതായി തെളിയിക്കപ്പെടുമ്പോഴാണ്. നിയമം പൊതുനന്മയ്ക്കുവേണ്ടിയുള്ളതാണ്. അതിനാൽത്തന്നെ നിയമം അനുസരിക്കുവാൻ, ആർക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന നിയമമാണോ, ആ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും കടമയുണ്ട്. ഉണ്ടാക്കിയിരിക്കുന്ന നിയമത്തിൽ മനുഷ്യാവകാശലംഘനമോ, അഥവാ വിശ്വാസപരമോ, ആചാരപരമോ ആയി ഇദംപ്രഥമായി നിലനിന്നിരുന്ന എന്തിന്റെയെങ്കിലും ലംഘനമോ ഉണ്ടെന്ന് തോന്നുന്ന ആർക്കും ആ നിയമം റദ്ദാക്കുവാനായി ആ നിയമം ഉണ്ടാക്കിയ അധികാരികളുടെ

മേലധികാരിയെ സമീപിക്കുകയോ, ആ അധികാരിക്ക് മുകളിലുള്ള കോടതിയെ സമീപിക്കുകയോ ചെയ്യാവുന്നതുമാണ്.

എന്നാൽ, സീറോ-മലബാർ സിനഡ് കുർബാന അനുഷ്ഠാനസംബന്ധിയായി ഉണ്ടാക്കിയ 50:50 നിർദ്ദേശം സാധുവായതും നൈയാമികവുമായ ഒരു നിയമമാണെന്ന് അതിനെതിരെ നൽകപ്പെട്ട പരാതിയിൽ കത്തോലിക്കാസഭയുടെ പരമാധികാരിയായ മാർപാപ്പയെ പ്രതിനിധീകരിച്ചുകൊണ്ട് പൗരസ്ത്യകാര്യാലയവും കത്തോലിക്കാസഭയുടെ പരമാധികാരിയായ മാർപാപ്പ നേരിട്ടും പ്രഖ്യാപിച്ചതിനുശേഷം ഇക്കാര്യത്തിൽ ഇനി ഇടപെടാൻ സാധിക്കുകയില്ല എന്ന് കത്തോലിക്കാ സഭയുടെ പരമോന്നത നീതിപീഠമായ സിഞ്ഞത്തൂര അപ്പസ്തോലിക്കയും വ്യക്തമാക്കിയശേഷവും തങ്ങൾ പിടിച്ച മുയലിന് മൂന്ന് കൊമ്പ് എന്ന യുക്തിരഹിതമായ വാദങ്ങൾ ആവർത്തിക്കുന്നവരുടെ ലക്ഷ്യം കത്തോലിക്കാസഭയുടെ നന്മയല്ല എന്നതും വ്യക്തം. മറ്റൊരു വാക്കിൽ പറഞ്ഞാൽ സീറോ- മലബാർ സഭയിൽ നൈയാമികമായി നിലനിൽക്കുന്ന ഒരു ബലിയർപ്പണരീതിയെ ഇന്നുള്ളൂ: അത് 50:50 രീതിയിൽ തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന ബലിയർപ്പണരീതി തന്നെ. അതിന് വിരുദ്ധമായ ഒരു ബലിയർപ്പണരീതിയും നൈയാമികമല്ല; അഥവാ നിയമവിരുദ്ധമാണ്.

നിയമവിരുദ്ധനടപടികൾ സമൂഹത്തിൽ അന്തഃഛിദ്രം വിതയ്ക്കും; അശാന്തിക്ക് കാരണമാകും; അതിലൂടെ അനീതി നാട്ടിൽ നടമാടും. അതിനെ തടയുവാനുള്ള സംവിധാനങ്ങളാണ് പോലീസും കോടതിയും. സീറോ-മലബാർ സഭാനേതൃത്വവും എറണാകുളം-അങ്കമാലി അതിരൂപതാധികാരികളും നിയമലംഘന പ്രവണതകളെ മുളയോടെ നുള്ളുവാൻ സമയാസമയങ്ങളിൽ ശ്രമിക്കാതിരുന്നതു കൊണ്ടുണ്ടായ പ്രതിസന്ധിയാണ് ഇന്ന് എറണാകുളം-അങ്കമാലി അതിരൂപതയിൽ കാണപ്പെടുന്ന കാറ്റ് വിതച്ചുള്ള കൊടുങ്കാറ്റ് കൊയ്യൽ. നിയമം ഞങ്ങൾക്ക് പുല്ലാണ്, നിയമം ലംഘിക്കാനുള്ളതാണ്, അനുസരിക്കുവാനുള്ളതല്ല, ഞങ്ങൾ ഒറ്റക്കെട്ടാണ് എന്ന് തുടങ്ങിയ മുദ്രാവാക്യങ്ങൾകൊണ്ട് സ്വന്തം അതിരൂപതയിലെയും അതിലെ പരശതം ഇടവകകളിലെയും അന്തരീക്ഷം മലീമസമാക്കിയ ഛിദ്രശക്തികളെ, നിയമവാഴ്ചയില്ലാതെ ഒരു പ്രസ്ഥാനത്തിനും നിലനിൽക്കാനാവില്ല എന്ന അടിയുറച്ച ബോധ്യത്തോടുകൂടി നേരിടാൻ മടിച്ച ഓരോ കാലഘട്ടത്തിലെ സഭാനേതൃത്വത്തിനും കേരളസഭ മാപ്പ് കൊടുക്കുമോ ഇല്ലയോ എന്ന് ചരിത്രം വിലയിരുത്തട്ടെ.

സീറോ-മലബാർ സഭയിൽപ്പെട്ട ഏതാണ്ട് തൊണ്ണൂറ് ശതമാനത്തിലധികം വരുന്ന വിശ്വാസികൾ ലോകമാസകലം അംഗീകരിച്ച് നടപ്പിൽ വരുത്തിയ വലിയ പ്രശ്നങ്ങളില്ലാതെ അർപ്പിച്ചുപോരുന്ന വി. കുർബാനയർപ്പണരീതി തങ്ങൾ അംഗീകരിക്കുകയില്ല എന്ന് പറയുന്ന വിമതർ അതിനായി പറയുന്ന ഒരു ന്യായം തങ്ങൾ 1968 മുതൽ തുടരുന്ന ജനാഭിമുഖബലിയർപ്പണം തങ്ങൾക്കിഷ്ടപ്പെട്ട ഒരു ആചാരമാണെന്നും കത്തോലിക്കാസഭയുടെ കാനൻ നിയമമനുസരിച്ച് 30 വർഷത്തിലേറെയായി തുടരുന്ന ഒരു ആചാരം നൈയാമികവും സാധുവുമാണ് എന്നതാണ്. എന്നാൽ കാനൻ നിയമം സാധുവും നൈയാമികവുമായി തുടരുന്നതിന് ഒരു ആചാരം ഒരിക്കലും നിയമവിരുദ്ധമായി തുടങ്ങിയത് ആയിരിക്കരുത് എന്നും അനുശാസിക്കുന്നുണ്ട്. എന്നാൽ, 1968-ലെ തക്സയിൽ ആദ്യഭാഗം ജനാഭിമുഖമായി അർപ്പിക്കുവാൻ മാത്രമാണ് അനുവാദം നൽകിയിരുന്നത്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, 1968-ലെ തക്സയിലെ നിയമത്തിന് വിരുദ്ധമായാണ് ജനാഭിമുഖബലിയർപ്പണം സീറോ-മലബാർ സഭയിൽ ആരംഭിച്ചത്. അതിനാൽത്തന്നെ, ജനാഭിമുഖബലിയർപ്പണം സീറോ-മലബാർ സഭയുടെ ലിറ്റർജിക്കൽ നിയമത്തിന്റെ ലംഘനവും അതുപോലെതന്നെ സാധുവായ ആചാരത്തിന് പകരം വെറുമൊരു അനാചാരവും തന്നെയായി മാത്രമേ നിയമത്തിന്റെ ദൃഷ്ടിയിൽ കാണാനാവൂ. നിയമത്തിൽ പറയാത്ത കാര്യങ്ങളിലേ ആചാരങ്ങൾക്ക് സാംഗത്യമുള്ളൂ. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങളെല്ലാവരും അതേപടി അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന തത്വങ്ങൾ എല്ലാം പരിഗണിച്ച് വേണം സീറോ-മലബാർ സഭയിലെ വിശുദ്ധ കുർബാനയർപ്പണരീതി സംബന്ധിയായ പരാതിയിൽ സിവിൾ കോടതി ഇടപെടണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനും വിധി പറയുവാനും. കത്തോലിക്കാസഭയിൽ ബലിയർപ്പണം പരസ്യദൈവാരാധന അഥവാ ലിറ്റർജിയുടെ ഭാഗമാണ്. അതിനാൽത്തന്നെ, അതിനെ നിയന്ത്രിക്കുവാനുള്ള നിയമസംഹിതകൾ കത്തോലിക്കാസഭയുടെ കാനൻ നിയമത്തിലും ലിറ്റർജിക്കൽ ഗ്രന്ഥങ്ങളിലുമായി വിശദമായി കൊടുത്തിട്ടുമുണ്ട്. ആ നിയമങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ അനുസരിക്കുവാൻ ലിറ്റർജി പരികർമ്മം

ചെയ്യുന്ന വൈദികനും അതിൽ ഭാഗഭാക്കാവുന്ന വിശ്വാസിസമൂഹവും കടപ്പെട്ടിരിക്കുന്നു. അതിൽ ദുരുപയോഗങ്ങൾ കടന്നുകൂടിയാൽ അവ തിരുത്തുവാനും ആവശ്യമെങ്കിൽ കുറ്റം ചെയ്തവരെ ശിക്ഷിക്കുവാനുമുള്ള അധികാരികളും ശിക്ഷാനിയമങ്ങളും ശിക്ഷാനടപടിക്രമങ്ങളും കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിലുണ്ട് താനും. നിയമവാഴ്ച നടപ്പിലാക്കുവാനും നിയമാനുസൃതമായ ബലിയർപ്പണം നടന്നുകാണുവാനും വേണ്ട നടപടിക്രമങ്ങൾ ചെയ്യുവാൻ അവകാശവും കടമയും ഉള്ളയാളാണ് രൂപതാ മെത്രാൻ. എറണാകുളം-അങ്കമാലി അതിരൂപതയെ സംബന്ധിച്ചിടത്തോളം അപ്പസ്തോലിക് അഡ്മിനിട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ കടമയും അവകാശവുമാണ് ആ അതിരൂപതയിൽ നിയമവിരുദ്ധമെന്ന് സഭ പ്രഖ്യാപിച്ച ബലിയർപ്പണരീതി ആരും തുടരുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതും നിയമാനുസൃതമായ വിശുദ്ധ കുർബാനയർപ്പണം എല്ലാ ഇടവക ദേവാലയങ്ങളിലും എല്ലാ ബലിയർപ്പണ സ്ഥലങ്ങളിലും എല്ലാ കുർബാനയർപ്പണത്തിനും നടപ്പിൽ വരുന്നു എന്ന് ഉറപ്പുവരുത്തുന്നതും. ഒരു സർക്കുലർ അയച്ച് നിയമാനുസൃതം ബലിയർപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിൽ ഒതുങ്ങി നിൽക്കുന്നതല്ല ഒരു മെത്രാന് രൂപതയിലെ ഉത്തരവാദിത്വം. കത്തോലിക്കാസഭയ്ക്ക് മറ്റേത് മതവിഭാഗങ്ങളെപ്പോലെതന്നെ, വിശ്വാസപരവും ആരാധനാപരവുമായ കാര്യങ്ങളിൽ സ്വയംഭരണാവകാശമുണ്ട്. സാധാരണഗതിയിൽ, സഭയിലെ ഉത്തരവാദിത്തപ്പെട്ട അധികാരികൾ അവരെ ഏൽപ്പിച്ച അധികാരശുശ്രൂഷ വിശ്വസ്തതാപൂർവം നിർവഹിക്കുകയും നിയമവാഴ്ചയ്ക്ക് വേണ്ടതെല്ലാം ചെയ്യുകയും ചെയ്യുന്നപക്ഷം അവിടെ അനീതിക്ക് ഇടമുണ്ടാവുകയില്ല; അതിനാൽത്തന്നെ സിവിൾ കോടതി ഇടപെടേണ്ട ആവശ്യവുമില്ല. എന്നാൽ, ഉത്തരവാദിത്തപ്പെട്ട മേലധികാരികൾ തങ്ങളുടെ കുറ്റകരമോ കുറ്റകരമല്ലാത്തതോ ആയ അനാസ്ഥയിൽ തുടരുകയും നിയമലംഘനവും അതിൽനിന്നുളവാകുന്ന അനീതിയും മൗലികാവകാശ ലംഘനവും നടമാടുകയും ചെയ്യുമ്പോൾ, അതുമൂലം നിയമവാഴ്ച അസാധ്യമാവുകയും സമൂഹത്തിൽ ഭിന്നതയും അശാന്തിയുമുണ്ടാവുകയും ചെയ്യുമ്പോൾ സിവിൾ കോടതി അതിലിടപെടേണ്ടതായി വരും. പക്ഷേ, ഇവിടെ സിവിൾ കോടതി പുതിയ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ലിറ്റർജിക്കൽ നിയമങ്ങളോ ഉണ്ടാക്കുകയല്ല ചെയ്യുന്നത്, പ്രത്യുത, ഉള്ള നിയമങ്ങളുടെ വെളിച്ചത്തിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് തീർപ്പു കൽപ്പിക്കുകയാണ്. അതിനോടനുബന്ധിച്ച് തെറ്റായ ബലിയർപ്പണരീതി വിലക്കുവാനും നിയമാനുസൃതമായ ബലിയർപ്പണത്തിന് ബലിയർപ്പകരെ നിർബന്ധിക്കുവാനും സിവിൾ കോടതികൾക്ക് സാധിക്കും. അങ്ങനെയുള്ള അവസരങ്ങളിൽ, സിവിൾ കോടതി, കത്തോലിക്കാസഭയുടെ സ്വയംഭരണാവകാശം കവർന്നെടുക്കുകയല്ല ചെയ്യുന്നത്, പ്രത്യുത, തങ്ങളുടെ സ്വയംഭരണാവകാശാ ധികാരങ്ങൾ വിനിയോഗിക്കുവാൻ മറന്നുപോയ അധികാരികൾക്കുവേണ്ടി ആ അധികാരം വിനിയോഗിച്ചുകൊണ്ട് സഭാതനയരുടെ മൗലികാവകാശങ്ങൾ സ്ഥാപിച്ചുകൊടുക്കുക മാത്രമാണ്.

ഇതിൽനിന്ന് തുലോം വ്യത്യസ്തമാണ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെതിരായ സിവിൾ, ക്രിമിനൽ കേസുകൾ. അദ്ദേഹം ഒപ്പിട്ട വസ്തുവില്പനകൾ കാനൻ നിയമമനുസരിച്ച് ശരിയായിരുന്നു എന്ന് കത്തോലിക്കാസഭയുടെ പരമാധികാരവും സിവിൾ നിയമമനുസരിച്ച് തെറ്റില്ലാത്തതെന്ന് കേരള ഗവൺമെന്റും സാക്ഷ്യപ്പെടുത്തിയശേഷവും ആ വ്യവഹാരങ്ങൾ കോടതികളിൽ തുടരുന്നു. ഇവിടെ കുർബാനയർപ്പണസംബന്ധിയായ വ്യവഹാരങ്ങളിൽ നിയമവിരുദ്ധമെന്ന് കത്തോലിക്കാസഭയുടെ പരമാധികാരിയുൾപ്പെടെയുള്ള എല്ലാ ഉത്തരവാദിത്തപ്പെട്ട അധികാരികളും വ്യക്തമാക്കിയ, നിയമവിരുദ്ധബലിയർപ്പണം ആരും നടത്തരുത് എന്നും നിയമാനുസൃതമായ ബലിയർപ്പണം സാധിക്കുകയില്ലെങ്കിൽ ബലിയർപ്പണമേ വേണ്ടായെന്ന പേപ്പൽ ഡെലിഗേറ്റിന്റെ നിർദ്ദേശത്തിനും ശേഷമുള്ള നിയമവിരുദ്ധ ബലിയർപ്പണമാണ് സിവിൾ കോടതിയുടെ പരിഗണനയ്ക്കായി വന്നിരിക്കുന്നത്. കോടതിയുടെ അധികാരപരിധിക്കുള്ളിലെ എല്ലാവിധ നിയമവിരുദ്ധ നടപടികളും തടയുവാനുള്ള തീരുമാനമെടുക്കുവാൻ സിവിൾ കോടതിക്ക് തീരുമാനിക്കുവാനും നടപ്പിലാക്കുവാനുമുള്ള സ്വാതന്ത്ര്യം കോടതിക്കുള്ളതായാണ് നാം അനുമാനിക്കേണ്ടത്.

**2. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ പ്രാഥമിക തടസ്സവാദം**

വിശ്വാസവും ആരാധനയും സംബന്ധിയായ കാര്യങ്ങളിലും അതിനോട് ബന്ധപ്പെട്ട സഭാ ധികാരസംബന്ധിയായ കാര്യങ്ങളിലും കത്തോലിക്കാസഭയുടെ സ്വയംഭരണാധികാരത്തിൽ സിവിൾ കോടതി ഇടപെടാൻ പാടില്ല എന്ന പ്രാഥമിക തടസ്സവാദവും ആ തടസ്സവാദം കോടതി നിരാകരിച്ചാൽ മറ്റു വാദങ്ങൾ

വീണ്ടും അവതരിപ്പിക്കുവാനുള്ള അവകാശവും ചോദിച്ചുകൊണ്ടുള്ള പ്രാരംഭ തടസ്സവാദത്തിൽ സ്വീകാര്യമായതും അല്ലാത്തതുമായ പലതും ഉൾപ്പെട്ടിട്ടുണ്ട് എന്ന് പറയാതെ വയ്യ. സീറോ-മലബാർ സഭയുടെ സിനഡിന്റെ വിശുദ്ധ കുർബാനയർപ്പണസംബന്ധിയായ കാര്യത്തിലെ പരമാധികാരം ബോസ്കോ പുത്തൂർ പിതാവ് അടിവരയിട്ട് അംഗീകരിക്കുന്നുണ്ട്. എന്നാൽ വിശുദ്ധ കുർബാന ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായ ഒരു പ്രാർത്ഥനാചടങ്ങ് (it is a prayer ceremony service founded on customs and rituals as far as the Christian Community as a whole is concerned) ആണ് എന്ന വിശദീകരണം കത്തോലിക്കാസഭയുടെ ഔദ്യോഗിക പഠനത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നതല്ല എന്ന് പറയേണ്ടിയിരിക്കുന്നു. പറയേണ്ടിയിരുന്നത് വിശുദ്ധ കുർബാന സഭയുടെ ഔദ്യോഗികമായ പരസ്യദൈവാരാധനയാണെന്നും അതിനാൽത്തന്നെ അതിൽ മെത്രാൻ സിനഡിനോ മാർപാപ്പയ്ക്കോ അല്ലാതെ മറ്റാർക്കും യാതൊന്നും കൂട്ടിച്ചേർക്കുവാനോ മാറ്റുവാനോ ഉപേക്ഷിക്കുവാനോ സാധ്യമല്ല എന്നും (SC 22/3) അതിന്റെ പ്രാർത്ഥനകൾ അതേപടി ചൊല്ലിയാൽ മാത്രം പോരാ അതേ തക്സയിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് അതിലെ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതെന്നും അതിലെ അനുഷ്ഠാനവിധിക്കനുസരിച്ചല്ലാത്ത എല്ലാ ബലിയർപ്പണവും നിയമവിരുദ്ധമാണെന്നും ആ നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നും താൻ തന്നെ എല്ലാ വൈദികരെയും അറിയിച്ചിട്ടുള്ളതാകുന്നു എന്നുമായിരുന്നു. കൂട്ടത്തിൽ പറയാമായിരുന്നത് രണ്ട് കാര്യങ്ങളാണ്. ഒന്നുകിൽ ഇങ്ങനെ പറയാമായിരുന്നു: രൂപതയുടെ ഭരണാധികാരി എന്ന നിലയിൽ നിയമവിരുദ്ധമായി ബലിയർപ്പിക്കുന്നവരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റുവാനും അവരെ ശിക്ഷിക്കുവാനുമുള്ള സർവവിധ അധികാരങ്ങളും തനിക്കുള്ളതിനാൽ താൻതന്നെ അത് ചെയ്തുകൊള്ളാമെന്നും കോടതി അതിലിടപെടേണ്ട ആവശ്യമില്ലായെന്നും അല്ലെങ്കിൽ പറയാമായിരുന്നത്, കത്തോലിക്കാസഭയുടെ കാനൻ നിയമമനുസരിച്ച് സ്വയംഭരണത്തിനും ശിക്ഷിക്കാനുമൊക്കെയുള്ള അധികാരം തനിക്കുണ്ടെങ്കിലും അത് പ്രയോഗിക്കുവാൻ താൻ അശക്തനാണെന്നും അതിനാൽത്തന്നെ വിശ്വാസികളുടെ മൗലികാവകാശമായ നിയമാനുസൃതമായ ബലിയർപ്പണം അവർക്ക് സാധിച്ചു കൊടുക്കുവാൻ താൻ പരാജയപ്പെട്ടതിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നും അതിനാൽത്തന്നെ മെത്രാൻ സിനഡിന്റെ നിർദ്ദേശം അനുസരിച്ചുള്ള ബലിയർപ്പണരീതി കോടതി ഉത്തരവുവഴി നടപ്പിലാക്കുന്നതിൽ തനിക്ക് സന്തോഷമേയുള്ളൂ എന്നോ തനിക്ക് അതിൽ എതിരില്ല എന്നോ ആയിരുന്നു. അതിരൂപതാഭരണം ഏറ്റെടുത്തിട്ട് രണ്ട് മാസം കഴിഞ്ഞിട്ടും പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും രാജിവച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെപ്പോലെ വിശ്വാസികളുടെ ന്യായമായ അവകാശമായ നൈയാമിക ബലിയർപ്പണരീതി നടപ്പിലാക്കാൻ പരാജയപ്പെടുകയും എന്നത്തേക്കെങ്കിലും അത് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുകയും ചെയ്യാതെ ഇത് സഭാധികാരികളുടെ അവകാശമാണ്, അതിൽ കോടതി ഇടപെടാൻ പാടില്ല എന്നുള്ള വാദം 'പട്ടി പുല്ല് തിന്നുകയുമില്ല, പശുവിനെക്കൊണ്ട് തീറ്റിക്കുകയുമില്ല' എന്ന പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കുന്നതായി ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. എന്നിരുന്നാലും, സഭാസംവിധാനത്തിനകത്തെ പരാതിപ്പെടാനുള്ള നൈയാമിക വേദികളിലായിരുന്നു സഭാതനയർ ഈവക പരാതിയുമായി ആദ്യം പോകേണ്ടിയിരുന്നതെന്ന് തന്നെയാണ് ഈ ലേഖകന്റെ സുചിന്തിതമായ അഭിപ്രായം. അതിനാൽത്തന്നെ, പരാതിക്കാരാരായാലും, അവർ ഇത്തരം കാര്യങ്ങൾക്കായി സഭാക്കോടതിയിൽ പോകുന്നതിനുപകരം, സിവിൾ കോടതിയിൽ പോയതിനെ അഭിനന്ദിക്കുവാനോ അവരെ പിന്തുണയ്ക്കുവാനോ ഈ ലേഖകൻ ഒരുക്കവുമല്ല. എന്നാൽ, സിവിൾ കോടതി, ഇങ്ങനെയുള്ള പ്രത്യേക സാഹചര്യങ്ങളിൽ, സഭാനേതൃത്വം നിഷ്ക്രിയമാകുന്ന അവസ്ഥയിൽ സഭാനിയമപ്രകാരം ബലിയർപ്പിക്കണമെന്നും നിയമലംഘനത്തിലൂടെയുള്ള കുർബാനയർപ്പണം നിരോധിച്ചിരിക്കുന്നു എന്നും ഉത്തരവിട്ടാൽ അത് സഭയുടെ വിശ്വാസാചാരസംബന്ധിയായുള്ള കാര്യങ്ങളിലെ സ്വയം ഭരണാവകാശത്തിലുള്ള കൈകടത്തലായല്ല കാണുക, പ്രത്യുത, ആ സ്വയംഭരണാവകാശത്തെ ഊട്ടിയുറപ്പിക്കുന്നതായിട്ടാണ്.

പൗരസ്ത്യ കാനോനസംഹിതയിലെ 17-ാം കാനോന അർത്ഥശങ്കയ്ക്കിടയില്ലാത്ത രീതിയിൽ വ്യക്തമാക്കുന്ന ഒരു കാര്യമാണ് കത്തോലിക്കാസഭയിലെ വിശ്വാസികളുടെ മൗലികാവകാശത്തിലൊ ന്നാണ് തങ്ങളുടെ സ്വയാധികാരസഭയുടെ നിയമങ്ങളനുസരിച്ച് ദൈവാരാധനയിൽ പങ്കെടുക്കുവാനുള്ള അവരുടെ അവകാശമെന്നത്. പരസ്യദൈവാരാധന എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന് 668-ാം കാനോനയുടെ ഒന്നാം ഖണ്ഡിക വ്യക്തമാക്കുന്നത് സഭയുടെ നാമത്തിൽ സഭ അംഗീകരിച്ച വ്യക്തികൾ സഭ അംഗീകരിച്ച ആചാരാനുഷ്ഠാനങ്ങൾ വഴി നടത്തുന്ന ആരാധനയാണ് പരസ്യ ദൈവാരാധനയെന്നാണ്.

അതിനാൽത്തന്നെ, സഭ അംഗീകരിച്ച പ്രാർത്ഥന സ്വന്തയിഷ്ടപ്രകാരമുള്ള ആചാരാനുഷ്ഠാനങ്ങളോടുകൂടി നടത്തിയാൽ അത് സഭയുടെ പരസ്യദൈവാരാധനയാകില്ല; പ്രത്യുത, അത് നിയമലംഘനവും അനാചാരവും മാത്രമാണ്. അതിനാൽത്തന്നെ, അത് 17-ാം കാനോന നൽകുന്ന വിശ്വാസികളുടെ മൗലികാവകാശലംഘനവുമാകുന്നു. മൗലികാവകാശലംഘനങ്ങൾക്ക് നേരെ കോടതി കണ്ണടയ്ക്കണമെന്ന് ആവശ്യപ്പെടുവാൻ ആർക്കും സാധ്യമല്ലതാനും.

**3. മേജർ ആർച്ച് ബിഷപ്പിന്റെ സത്യവാങ്മൂലം**

സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ 2024 ഫെബ്രുവരി 16-ാം തീയതിലെ എറണാകുളം മുൻസിഫ് കോടതിയിൽ സമർപ്പിച്ച മറുപടിസത്യവാങ്മൂലം (I.R. No. 2 of 2024 in OS No. 136 of 2024) പല കാരണങ്ങളാൽ അഭിനന്ദനാർഹവും ഇക്കാര്യത്തിൽ സിവിൾ കോടതിക്ക് വ്യക്തമായ ഒരു തീരുമാനമെടുക്കുവാൻ സഹായിക്കുന്നതുമാണെന്ന് കാണാവുന്നതാണ്. ലിറ്റർജി സംബന്ധിയായ നിയമങ്ങൾ പൗരസ്ത്യ കാനോനസംഹിതയിലെ മൂന്നാം കാനോനപ്രകാരം കാനൻനിയമത്തിലും അതുപോലെ തന്നെ ലിറ്റർജിക്കൽ ഗ്രന്ഥങ്ങളിലും കാണുന്നത് എല്ലാവരും അനുസരിക്കുവാൻ കടപ്പെട്ടതാണെന്നുള്ള കാര്യം പ്രസ്തുത സത്യവാങ്മൂലം ആദ്യമേ തന്നെ വ്യക്തമാക്കുന്നുണ്ട് (No.7, page 2). അതുപോലെതന്നെ, സീറോ-മലബാർ സിനഡിനാണ് വിശുദ്ധ കുർബാനയർപ്പണരീതിയെപ്പറ്റി തീരുമാനിക്കുവാനുള്ള അധികാരമെന്നും അങ്ങനെ സിനഡ് എടുത്ത 50:50 തീരുമാനം സാധുവും നൈയാമികവുമാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. അതുപോലെതന്നെ, തക്സയിലെ പ്രാർത്ഥനകൾ തക്സയിൽ കൊടുത്തിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾ (rubrics) കൃത്യമായി അനുസരിച്ചുകൊണ്ടാണ് ബലിയർപ്പിക്കേണ്ടതെന്നും ഐശ്ചികമായി തക്സയിൽ കൊടുത്തിട്ടുള്ളവയൊഴിച്ച് ബാക്കിയെല്ലാക്കാര്യങ്ങളിലും കാർമ്മികൻ തക്സയിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണെന്നും അദ്ദേഹം കോടതിയെ ധരിപ്പിക്കുന്നു. അതിനാൽത്തന്നെ പ്രസ്തുത പരാതികളിൽ പരാമർശിക്കപ്പെട്ട ഇടവക വികാരിമാർക്ക് നിയമവിരുദ്ധമായി വിശുദ്ധ കുർബാനയർപ്പിക്കുവാൻ യാതൊരു അവകാശമോ അധികാരമോ ഇല്ലെന്നും അതിനാൽത്തന്നെ പരാതിക്കാരുടെ ആവശ്യങ്ങൾ കോടതി സാധിച്ചു കൊടുക്കണമെന്ന് കോടതിയോട് അപേക്ഷിക്കുന്നു എന്നുമാണ്. സീറോ- മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് ആണ് കാനൻ നിയമമനുസരിച്ച് സീറോ-മലബാർ സഭയെ ഔദ്യോഗികമായി പ്രതിനിധീകരിച്ച് സംസാരിക്കുവാൻ അധികാരാവകാശങ്ങളുള്ള വ്യക്തി. അദ്ദേഹം പരാതിക്കാരുടെ അപേക്ഷ അനുവദിച്ചു കൊടുക്കണമെന്ന് അപേക്ഷിച്ചതോടുകൂടിത്തന്നെ, സീറോ-മലബാർ സഭയിലെ 35 രൂപതകളിൽ ഒന്നുമാത്രമായ എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാനടുത്തുള്ള അധികാരങ്ങൾ കൈയാളുന്ന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ പ്രാരംഭതടസ്സവാദം തികച്ചും അപ്രസക്തമായി എന്നതാണ് വസ്തുത.

**4. ഇടവക വികാരിമാരുടെ തടസ്സവാദങ്ങൾ: ഒരു കാനോനിക അവലോകനം**

ഒരു ഇടവക വികാരി ഇടവകയെ നയിക്കേണ്ടതും ഭരിക്കേണ്ടതും കത്തോലിക്കാസഭയുടെ കാനൻനിയമമനുസരിച്ചാണ്. ഇടവക വികാരിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്ന് വിശുദ്ധ കുർബാന അർപ്പിക്കുക എന്നത് തന്നെയാണ്. എന്നാൽ, വിശുദ്ധ കുർബാന സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായതിനാൽ അത് അർപ്പിക്കേണ്ടത് കാനൻ നിയമത്തിലും തക്സായിലും കൊടുത്തിരിക്കുന്ന നിയമങ്ങൾ പൂർണ്ണമായി അനുസരിച്ചുകൊണ്ടായിരിക്കണം. നിയമങ്ങൾ അനുസരിക്കണമോ വേണ്ടയോ എന്ന് ഇടവകാംഗങ്ങളുടെ ഭൂരിപക്ഷം നോക്കി തീരുമാനമെടുക്കേണ്ട കാര്യമല്ല; പ്രത്യുത, നിയമങ്ങൾ അനുസരിക്കുവാനുള്ളതാണ് എന്ന വസ്തുത തന്റെ ഭരണത്തിനായി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തെ പഠിപ്പിക്കുകയും ആ നിയമങ്ങളനുസരിച്ച് മാതൃക കാണിക്കുകയും ചെയ്യുക എന്നതാണ് പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ രൂപതാമെത്രാനോട് ചേർന്നുനിന്ന് നിർവഹിക്കുവാനുള്ള വൈദികരുടെ, പ്രത്യേകിച്ച് ഇടവക വികാരിമാരുടെ കടമ.

ഇടവക ജനത്തിന്റെ മൗലികാവകാശങ്ങളിലൊന്നാണ് സഭയുടെ ഔദ്യോഗിക ബലിയർപ്പണം നിയമാനുസൃതമായ രീതിയിൽത്തന്നെ തങ്ങൾക്ക് ലഭിക്കുക എന്നത്. അത് ലഭിക്കാതെ വരികയും തങ്ങളുടെ അവകാശത്തെപ്പറ്റിയും ഇടവക വികാരിയുടെ ദൗത്യത്തെപ്പറ്റിയും ആവർത്തിച്ച് ഓർമ്മിപ്പിച്ചിട്ടും നിയമവിരുദ്ധ ബലിയർപ്പണം തുടർന്ന ഇടവക വികാരിയെയും ഇടവകയെയും ഒന്നും രണ്ടും പ്രതികളാക്കി കൊടുത്ത പരാതിക്കുള്ള മറുപടിസത്യവാങ്മൂലത്തിൽ, ഇടവക ജനത്തിനുള്ള ഈ മൗലികാവകാശം

നിഷേധിച്ചുകൊണ്ടുള്ള വാദങ്ങളാണ് ആമുഖമായിത്തന്നെ വികാരിമാർ അവതരിപ്പിച്ചിരിക്കുന്നത് (cf. No. 2, page 1). നിയമവിരുദ്ധമായ കാര്യങ്ങൾ ആരുടെയും അവകാശമല്ല. അതിനാൽത്തന്നെ ഭൂരിപക്ഷം നിയമവിരുദ്ധമായത് ആവശ്യപ്പെട്ടു എന്നതുകൊണ്ട് അതേ ന്യായത്താൽ നിയമാനുസരണമുള്ള ബലിയർപ്പണത്തിനായുള്ള അവകാശം ഒരു ഇടവകാംഗത്തിനും നിഷേധിക്കാനുമാവില്ല. നിയമം അനുസരിക്കണമോ നിയമം നടപ്പിലാക്കണമോ എന്ന് ഒരു ഭരണാധികാരി തീരുമാനിക്കേണ്ടത് തന്റെ അധീനരുടെ ഹിതപരിശോധന നടത്തി ഭൂരിപക്ഷം നോക്കിയിട്ടുമല്ല; അഥവാ അങ്ങനെയാകരുത്. അതിനാൽ, ഇടവകാംഗങ്ങളെയെല്ലാം ഈ വ്യവഹാരത്തിൽ കക്ഷിയാക്കണമെന്ന ഇടവക വികാരിയുടെ വാദം നൈയാമികമായി നിലനിൽക്കുന്നതല്ല (No.3, page 2).

മറുപടി സത്യവാങ്മൂലത്തിൽ സീറോ-മലബാർ സഭ ഒരു പൗരസ്ത്യ കത്തോലിക്കാ സ്വയംഭരണ സഭയാണെന്നും അതിനാൽത്തന്നെ അതിലെ അംഗങ്ങൾ പൗരസ്ത്യ കാനോന സംഹിതയാണ് അനുസരിക്കേണ്ടതെന്നും അംഗീകരിക്കുന്ന വികാരി (cf No. 4, page 2), തങ്ങളുപയോഗിക്കുന്നത് സീറോ-മലബാർ സഭയിൽ നിലവിലുള്ള തക്സയാണെന്ന് അവകാശപ്പെടുന്നതോടൊപ്പംതന്നെ, തങ്ങൾ ലത്തീൻസഭയുടെ റോമൻ മിസ്സൽ അനുസരിച്ച് ബലിയർപ്പിക്കുന്ന മാർപാപ്പയെയാണ് അനുകരിക്കുന്നതെന്നും തക്സയിലെ നിർദ്ദേശമനുസരിച്ചല്ല ബലിയർപ്പിക്കുന്നതെന്നും വ്യക്തമാക്കുന്നതു വഴി (No.5 page 2), പരാതിക്കാരുടെ പരാതി വസ്തുതാപരമാണെന്നുള്ള കോടതിമുമ്പാകെയുള്ള ഏറ്റുപറച്ചിൽ (Judicial Confession) നടത്തുന്നതുകൊണ്ടുതന്നെ പരാതിക്കാർക്ക് തങ്ങളുടെ പരാതിക്ക് കാരണമായ വസ്തുത കോടതിയിൽ തെളിയിക്കുവാനുള്ള കടമ അവസാനിക്കുന്നതായി കാണാവുന്നതാണ്.

മറ്റ് വാദങ്ങളിൽ പലതും അബദ്ധജഡിലവും വസ്തുതാവിരുദ്ധവും അസത്യങ്ങളും അർദ്ധസത്യങ്ങളും നിറഞ്ഞതാണെന്നും അത് കോടതിക്കും പൊതുസമൂഹത്തിനും എളുപ്പം ബോധ്യമാകുന്നതുമാണ് എന്നാണ് ഈ ലേഖകന്റെ സുചിന്തിതമായ അഭിപ്രായം. അവയിൽ ചിലത് ചുവടെ ചേർക്കുന്നു:

**4.1 തക്സയിലെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ കടമയില്ല?!**

വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾ പ്രാർത്ഥനാപ്പുസ്തകത്തിൽ കൊടുത്തിട്ടുള്ളത് ചൊല്ലി പ്രാർത്ഥിക്കുവാനേ കടമയുള്ളൂ, അതിൽ കൊടുത്തിരിക്കുന്ന ആചാരാനുഷ്ഠാന നിർദേശങ്ങൾ (rubrics) പാലിക്കുവാൻ തങ്ങൾക്ക് കടമയില്ല; പ്രത്യുത, അത് ഓരോ സ്ഥലത്തെയും ആചാരങ്ങളനുസരിച്ച് ചെയ്യാവുന്നതാണ് എന്നതാണ് ഒരുവാദം (No. 6, page 3). എന്നാലത് കത്തോലിക്കാസഭയുടെ കാനൻ നിയമത്തിന് വിരുദ്ധമാണ് എന്നതാണ് വസ്തുത (cf. CCEO c. 3). ലിറ്റർജിക്കൽ നിയമങ്ങളെല്ലാം പാലിക്കപ്പെടേണ്ടതുതന്നെയാണ്. ലിറ്റർജിക്കൽ നിയമങ്ങളിൽപ്പെടാത്ത കാര്യങ്ങൾ ഓരോ സ്ഥലത്തെയും ആചാരങ്ങളനുസരിച്ച് ഓരോ ഇടവകയിലും ചെയ്യുവാൻ ഇടവക വികാരിക്ക് സ്വാതന്ത്ര്യമുണ്ട് എന്നേയുള്ളൂ. ഉദാഹരണത്തിന് അമേരിക്കയിലോ യൂറോപ്പിലോ വിശുദ്ധ കുർബാനയർപ്പിക്കുന്ന പുരോഹിതൻ ആ നാട്ടിലെ ആചാരമനുസരിച്ച് ഷൂ ഇട്ട് മദ്ബഹായിൽ പ്രവേശിച്ച് ബലിയർപ്പിക്കുമ്പോൾ, ഇന്ത്യയിൽ ഈ നാട്ടിലെ ആചാരമനുസരിച്ച് നിഷ്പാദുകനായി ദൈവാലയത്തിൽ പ്രവേശിക്കുന്നു. ഇതിന് കാരണം, ലിറ്റർജിക്കൽ നിയമം പാദുകത്തെപ്പറ്റി ഒന്നും നിർദ്ദേശിക്കുന്നില്ല എന്നതുതന്നെ. എന്നാൽ, ലിറ്റർജിക്കൽ നിയമം ജനാഭിമുഖമായി നിന്നുകൊണ്ട് വചനപീഠം അഥവാ ബേമ്മയിലാണ് വിശുദ്ധ കുർബാനയർപ്പണം ആരംഭിക്കേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളപ്പോൾ ബേമ്മയില്ലാതെ അൾത്താരയിൽ വിശുദ്ധ കുർബാനയർപ്പണം ആരംഭിക്കുന്നത് നിയമവിരുദ്ധംതന്നെ; തീർച്ച. അതുപോലെ തന്നെയാണ് അനാഫൊറ അൾത്താരാഭിമുഖമായി ദൈവജനവും ബലിയർപ്പിക്കുന്ന പുരോഹിതനും ഒരേ ദിശയിൽ നോക്കിനിന്നുകൊണ്ട് ബലിയർപ്പിക്കണമെന്ന് തക്സയിൽ കൃത്യമായി നിർദ്ദേശിച്ചിരിക്കുമ്പോൾ നിയമനിരാസത്തിലൂടെ ജനാഭിമുഖബലിയർപ്പണം വൈദികൻ നടത്തുന്നതും. നിയമലംഘനം മുപ്പത് വർഷത്തിലേറെ നടത്തിയാലും ആ നിയമലംഘനം സാധുവായ ഒരു ആചാരമാകുന്നില്ല എന്ന കാനൻ നിയമവും ഇത്തരുണത്തിൽ നാം ഓർക്കേണ്ടതാണ്.

**4.2 വ്യാജസത്യവാങ്മൂലം ശിക്ഷാർഹമായ കുറ്റം**

ഇന്ത്യൻ ശിക്ഷാനിയമം (IPC 191) അനുസരിച്ചും പൗരസ്ത്യ കാനോനസംഹിതയിലെ ശിക്ഷാനിയമം അനുസരിച്ചും (CCEO c.1444) വ്യാജസത്യവാങ്മൂലം നൽകുന്നത് ശിക്ഷാർഹമായ ഒരു കുറ്റമാണ്. എന്നാൽ, വികാരിമാരുടെ മറുപടിസത്യവാങ്മൂലത്തിൽ ഇത്തരത്തിലുള്ള ശിക്ഷാർഹമായ കുറ്റങ്ങൾ പലതുണ്ട്

എന്നതാണ് പ്രഥമദൃഷ്ട്യാ കാണപ്പെടുന്നത്. ഉദാഹരണത്തിന്, പരിശുദ്ധ മാർപാപ്പ തന്റെ പരിശുദ്ധ സിംഹാസനം വഴി മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്തിനെയും അവരുടെ ജോലികളിൽനിന്നും റോമിനെ തെറ്റിദ്ധരിപ്പിച്ചതിന് നീക്കംചെയ്തു എന്ന ഏഴാം നമ്പറിലെ അവകാശവാദം നൈയാമികമായി അപഗ്രഥിച്ചാൽ വ്യാജസത്യവാങ്മൂലത്തിനുള്ള വ്യക്തമായ തെളിവാണ് എന്ന് കാണാവുന്നതാണ്. പരാതിക്കാരുടെ അഭിഭാഷകൻ ഇത് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നും കോടതിതന്നെ ഈ വിഷയത്തിൽ വേണ്ട നിയമനടപടികൾ എടുക്കുമെന്നും കരുതാവുന്നതാണ്. ഈ വൈദികർക്കെതിരെ, പ്രസ്തുത കുറ്റത്തിനുള്ള സഭാപരമായ ശിക്ഷാനടപടികളും എടുക്കുവാൻ ഉത്തരവാദിത്തപ്പെട്ട അധികാരികൾക്ക് അവകാശവും കടമയുമുണ്ട് എന്നതും മറക്കാനാവില്ല.

**4.3 നിയമം ലംഘിക്കുവാനുള്ള ഇടവക പ്രതിനിധിയോഗ തീരുമാനം സാധുവോ?**

തൃപ്പൂണിത്തുറ സെന്റ് മേരിസ് പള്ളിയുടെ വികാരിയുടെ ഒരു വാദഗതി (No. 8, page 3), ഇടവകയിലെ നൈയാമിക സമിതികളായ പാരീഷ് കൗൺസിലും പൊതുയോഗവും കേന്ദ്രകമ്മിറ്റിയും ഏകകണ്ഠേന പ്രസ്തുത ഇടവകയിൽ ജനാഭിമുഖബലിയർപ്പണം മതി എന്ന് തീരുമാനിക്കുകയും വിവരം അവരുടെ പ്രതിനിധികളായ വൈദികർവഴി സിനഡിനെ അറിയിക്കുകയും അത് സിനഡിന്റെ പരിഗണനയിലാണ് എന്നുമാണ്. ഇത് വളരെ തെറ്റിദ്ധാരണ പരത്തുന്ന ഒരു വാദഗതിയാണ്. ഒന്നാമതായി പറയുവാനുള്ളത് പള്ളിയോഗ നടപടിക്രമമനുസരിച്ച് ഇടവകയിലെ നൈയാമിക സമിതികളുടെ അധികാരപരിധിക്കുള്ളിൽ തീരുമാനമെടുക്കാവുന്ന കാര്യങ്ങളല്ല വിശുദ്ധ കുർബാനയർപ്പണരീതി. അതിനാൽത്തന്നെ അങ്ങനെയെടുത്തിട്ടുള്ള തീരുമാനങ്ങൾ നിയമവിരുദ്ധവും അസാധുവുമാണ്. അസാധുവായ ഒരു തീരുമാനം താഴത്തെ തട്ടിൽ എടുത്തിട്ട് ഉന്നതാധികാരികളെ അറിയിച്ചതുകൊണ്ടുമാത്രം അത് സാധുവായിത്തീരുന്നില്ല.

അതുപോലെതന്നെ, ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമായ ഒരു കാനൻ നിയമമാണ് ഉന്നതാധികാരിയുടെ നിയമത്തിനോ കൽപ്പനയ്ക്കോ എതിരായി താഴ്ന്ന അധികാരിയുടെ നിയമമോ കൽപ്പനയോ സാധുവായി നിലനിൽക്കുന്നതല്ല എന്നുള്ള പൗരസ്ത്യ കാനോനസംഹിതയിലെ നിയമം (CCEO c. 985 §2 ). കുർബാനയർപ്പണസംബന്ധിയായ ഉന്നതാധികാരം കാനൻ നിയമമനുസരിച്ച് മെത്രാൻ സിനഡിനാണ്, സീറോ-മലബാർ സഭയിൽ. മെത്രാൻ സിനഡ് തീരുമാനമെടുത്ത്, സഭയിലെ പരമാധികാരിയായ മാർപാപ്പ അംഗീകരിച്ച് നടപ്പിൽ വരുത്തിയ തീരുമാനമാണ് തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന 50:50 ബലിയർപ്പണരീതി. ആ നിയമം ലംഘിച്ച് തങ്ങളുടെ ഇടവകയിൽ ജനാഭിമുഖ ബലിയർപ്പണം തുടരണമെന്നുള്ള തീരുമാനമെടുത്ത നൈയാമിക സമിതികളുടെ തീരുമാനം അസാധുവും, അത് അംഗീകരിക്കുവാനും നടപ്പിലാക്കുവാനും പ്രസ്തുത ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്ക് യാതൊരു കടമയും ഇല്ലാത്തതുമാകുന്നു. തങ്ങളുടെ അധികാരപരിധിക്ക് പുറത്തുള്ള കാര്യങ്ങളിൽ നിയമലംഘനത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ തീരുമാനമെടുത്തതിന് പ്രസ്തുത സമിതികളെ പിരിച്ചുവിടാവുന്നതുമാണ്. അതിനെല്ലാമുപരിയായി, കത്തോലിക്കാസഭയുടെ പരമാധികാരിയായ റോമാ മാർപാപ്പയുടെ തീരുമാനങ്ങൾക്കെതിരെ യാതൊരു അപ്പീലോ അപേക്ഷയോ സാധ്യമല്ലെന്നും അദ്ദേഹത്തിന്റെ തീരുമാനങ്ങൾ ലോകമെല്ലായിടത്തും കത്തോലിക്കർ അനുസരിക്കേണ്ടതാണെന്നും കാനൻ നിയമം അനുശാസിക്കുന്നു (cf. CCEO c. 45 §§1-3). എറണാകുളം-അങ്കമാലി അതിരൂപതയിൽ 2023 ഡിസംബർ 25 മുതലെങ്കിലും വിശുദ്ധ കുർബാനയർപ്പണരീതി തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ മാത്രമായിരിക്കണമെന്ന് 2023 ഡിസംബർ 7-ാം തീയതി ഫ്രാൻസിസ് മാർപാപ്പ വീഡിയോ സന്ദേശത്തിലൂടെയും പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്ട് അതേദിവസം തന്നെ ബോസ്കോ പുത്തൂർ പിതാവിനെ കത്ത് മൂലവും (Prot. N. 144/2023 dated 7 December 2023) അറിയിച്ചശേഷവും തങ്ങൾ മാർപാപ്പയെയോ സിനഡിനെയോ അല്ല അനുസരിക്കുക, പ്രത്യുത അസാധുവും നിയമവിരുദ്ധവുമായ തീരുമാനങ്ങളെടുത്ത ഇടവകയിലെ നൈയാമിക സമിതികളെയാണ് എന്നുപറയുന്ന വൈദികർ ശരിയുടെ വഴിക്കുപകരം ബോധപൂർവം തെറ്റിന്റെ വഴി തെരഞ്ഞെടുത്തവരാണ് എന്ന് പറയാതെ വയ്യ.

**4.4 മാർപാപ്പയുടെ ഉത്തരവ് 'മോത്തു പ്രോപ്രിയോ' ആയി വേണമോ?**

മറുപടി സത്യവാങ്മൂലം 29-ാം ഖണ്ഡികയിൽ സെന്റ് മേരിസ് പള്ളിവികാരി ഒരു വിചിത്രമായ വാദം അവതരിപ്പിക്കുന്നുണ്ട്. മാർപാപ്പയുടെ ഉത്തരവുകൾ "മോത്തു പ്രോപ്രിയോ" എന്ന രൂപത്തിലായിരിക്കും സാധാരണയായി എന്ന്. എന്നാൽ ഈ വാദം തെറ്റാണ്. മാർപാപ്പ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയോ

ഉള്ളവയിൽ മാറ്റം വരുത്തുകയോ ചെയ്യുമ്പോൾ അവ കാതലായ വലിയ മാറ്റങ്ങൾ ആണെങ്കിൽ അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷന്റെ രൂപത്തിലും ചെറിയ മാറ്റങ്ങളാണെങ്കിൽ "മോത്തു പ്രോപ്രിയോ" (Motu proprio) ആയും ആണ് പ്രസിദ്ധീകരിച്ച് നടപ്പിൽ വരുത്തുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മാർപാപ്പ വരുത്തുന്ന നിയമനിർമ്മാണ നിയമഭേദഗതികളുടെ പശ്ചാത്തലത്തിൽ മാത്രമേ "മോത്തു പ്രോപ്രിയോ"കൾ ഉപയോഗിക്കാറുള്ളൂ. കത്തോലിക്കാസഭയുടെ പരമോന്നത അധികാരിയായ മാർപാപ്പ നൽകുന്ന നിർദ്ദേശങ്ങൾ അവ ഡിക്രിയുടെ രൂപത്തിലായാലും വാചികമോ വീഡിയോ സന്ദേശ രൂപത്തിലോ എങ്ങനെ തന്നെയായാലും അവ അനുസരിക്കുവാൻ എല്ലാ കത്തോലിക്കാവിശ്വാസികൾക്കും കടമയുണ്ട്.

മറ്റൊരു വാദം പരിശുദ്ധ പിതാവ് ലോകത്തിലെ നിരവധിയായ പ്രശ്നങ്ങളെപ്പറ്റി ആഹ്വാനങ്ങളും കത്തുകളും പുറപ്പെടുവിക്കുമെങ്കിലും അവയൊന്നും അനുസരിക്കുവാൻ കടപ്പെട്ടവയല്ല എന്നുള്ള സത്യവാങ്മൂലത്തിലെ അബദ്ധജഡിലവും തീർത്തും തെറ്റിദ്ധാരണ പരത്തുന്നതുമായ പ്രസ്താവനയാണ് ("Usually the Holy Father will issue exhortations as well as letters relating to many issues that is prevailing in the world which is not at all having any binding forever at all." cf. Counter Affidavit). മാർപാപ്പയ്ക്ക് അപ്രമാദിത്വ അധികാരമുപയോഗിച്ച് മാത്രമല്ല പഠിപ്പിക്കാവുന്നത്, പ്രത്യുത, നിശ്ചിതമായും (definitive teaching) ഓർഡിനറി മജിസ്തേരിയത്തിന്റെ ഭാഗമായും മാർപാപ്പ പഠിപ്പിക്കുമ്പോൾ വിശ്വാസികൾ അവയെ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ, പത്രോസിന്റെ പിൻഗാമിയും കത്തോലിക്കാസഭയുടെ പരമാധികാരിയുമെന്ന നിലയിൽ തന്റെ ഭരണാധികാരമുപയോഗിച്ച് ഒരു കാര്യം ഇപ്രകാരം ചെയ്യണമെന്ന് മാർപാപ്പ നിർദേശിക്കുമ്പോൾ അത് കല്പനയുടെ രൂപത്തിലല്ലെങ്കിൽ പോലും അനുസരിക്കുവാൻ എല്ലാ വിശ്വാസികളും കടപ്പെട്ടിരിക്കുന്നു. അവിടെ ഭരണാധികാരമാണ് വിനിയോഗിക്കുന്നത്; പഠിപ്പിക്കുവാനുള്ള അധികാരമല്ല എന്നതാണ് വസ്തുത.

**4.5 മേജർ ആർച്ച് ബിഷപ്പ് റോം അംഗീകരിച്ച കുർബാനക്രമത്തിൽ മാറ്റം വരുത്തി എന്ന ആരോപണം**

സീറോ-മലബാർ സിനഡ് വത്തിക്കാന്റെ അംഗീകാരത്തിനായി അയച്ചത് കുർബാനക്രമത്തിലെ പ്രാർത്ഥനകൾ മാത്രമല്ല; പ്രത്യുത ആ പ്രാർത്ഥനകൾ എവിടെവെച്ച് എങ്ങനെ ചൊല്ലണമെന്ന അനുഷ്ഠാനവിധികളും കൂട്ടിച്ചേർത്തുതന്നെയാണ്. അങ്ങനെയാണ് അത് അയയ്ക്കേണ്ടതും. അതിനാൽ തന്നെ, റോം അംഗീകരിച്ച കുർബാനക്രമത്തിൽത്തന്നെ ഓരോ പ്രാർത്ഥനയും എവിടെ എങ്ങനെ, എങ്ങോട്ട് തിരിഞ്ഞ് ചൊല്ലണമെന്നുള്ള നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഒരു മാറ്റവും റോമിന്റെ അംഗീകാരത്തിനുശേഷം തക്സയിൽ വരുത്തിയതായി യാതൊരു തെളിവുകളുമില്ലതാനും. തക്സയിൽ പലയിടങ്ങളിലായി കിടന്നിരുന്ന കുർബാനയർപ്പണസംബന്ധിയായ നിയമങ്ങൾ സിനഡിന്റെ അംഗീകാരത്തോടുകൂടി ആരംഭത്തിൽ ഒന്നിച്ചു നൽകി പ്രിന്റ് ചെയ്യുവാനുള്ള തീരുമാനം മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിലാണ് എടുത്തതെങ്കിലും അത് സിനഡിന്റെ തീരുമാനം തന്നെ. റോം അംഗീകരിച്ച ടെക്സ്റ്റിൽ മാറ്റങ്ങളൊന്നും അതുമൂലം വന്നിട്ടില്ലതാനും. അതിനാൽത്തന്നെ കഴമ്പില്ലാത്തതായി കണ്ട് പരിശുദ്ധ സിംഹാസനം തള്ളിക്കളഞ്ഞിട്ടുള്ളതുമാണ് ഈ ആരോപണം.

**4.6 2021 ആഗസ്റ്റ് മാസത്തിലെ സിനഡ് അസാധുവോ?**

മറുപടി സത്യവാങ്മൂലത്തിലെ 27-ാം ഖണ്ഡികയിൽ അധികം വിശദീകരണം നൽകാതെ നടത്തിയിട്ടുള്ള മറ്റൊരു അടിസ്ഥാനമില്ലാത്ത ആരോപണമാണ് 2021 ആഗസ്റ്റ് മാസത്തിലെ സിനഡ് നിയമസാധുതയില്ലാത്തതാണെന്നും അതിനാൽത്തന്നെ അതിലെടുത്ത തീരുമാനങ്ങൾ അനുസരിക്കുവാൻ വിശ്വാസികൾക്ക് കടമയില്ലെന്നുമുള്ളത്. ഒരു സിനഡിന്റെ നിയമസാധുത നിശ്ചയിക്കേണ്ടത് വിശ്വാസികളല്ല; പ്രത്യുത സിനഡിന്റെ ഉന്നതാധികാരിയായ പരിശുദ്ധ സിംഹാസനമാണ്. നിയമസാധുതയെപ്പറ്റി സംശയമുള്ളവർ ആ പരാതിയും പരാതിക്ക് കാരണമായ വാദഗതികളുമായി പരിശുദ്ധ സിംഹാസനത്തെയാണ് സമീപിക്കേണ്ടത്. വാസ്തവത്തിൽ അങ്ങനെയൊരു പരാതി എറണാകുളം വിമതർ പരിശുദ്ധ സിംഹാസനത്തിൻ മുമ്പാകെ ഉന്നയിച്ചുവെന്നും പൗരസ്ത്യ തിരുസംഘവും സിഞ്ഞത്തൂര അപ്പസ്തോലിക്കയും മാർപാപ്പ തന്നെയും ആ പരാതി തള്ളിക്കളഞ്ഞു എന്നുമാണ് ഈ ലേഖകന് കിട്ടിയിട്ടുള്ള വിവരം.

പ്രസ്തുത പരാതിക്കാധാരമായ വസ്തുത 2021 ആഗസ്റ്റിലെ സിനഡ് ഓൺലൈൻ ആയിട്ടാണ് നടത്തപ്പെട്ടത് എന്നതാണ്. എന്നാൽ, ഇലക്ഷൻ ഒഴികെയുള്ള എല്ലാ മീറ്റിംഗുകളും കത്തോലിക്കാ സഭയ്ക്ക്

ഓൺലൈനായി നടത്തുവാൻ മാർപാപ്പയുടെ പ്രത്യേക അനുവാദം നിലനിന്നിരുന്ന കാലഘട്ടമായിരുന്നു അത്. അതിനാൽത്തന്നെ, മാർപാപ്പയുടെ അനുവാദത്തോടുകൂടി നടന്ന ആ ഓൺലൈൻ സിനഡും അതിലെടുത്ത തീരുമാനങ്ങളും നിയമപരവും നിലനിൽക്കുന്നതും എല്ലാവരും അനുസരിക്കുവാൻ കടപ്പെട്ടതും തന്നെ. നൈയാമിക സമിതികളിലെ വോട്ടെടുപ്പിനെപ്പറ്റി പറയുമ്പോൾ രണ്ടിനം വോട്ടുകളാണുള്ളത്. ഒന്ന് ഇലക്ഷനിലെ ബാലറ്റ് പേപ്പർ വഴിയുള്ള വോട്ട്. അങ്ങനെയുള്ള വോട്ടെടുപ്പ് ഓൺലൈനിൽ കത്തോലിക്കാസഭയുടെ കാനൻനിയമം അനുവദിക്കുന്നില്ല. എന്നാൽ, ഒരു തീരുമാനം കൈക്കൊള്ളുന്നതിനുള്ള വോട്ട് ഓൺലൈൻ മീറ്റിംഗിൽ പോലും സാധ്യമാണ്. 2021 ആഗസ്റ്റ് മാസത്തിലെ സിനഡിൽ വിശുദ്ധ കുർബാനയർപ്പണസംബന്ധിയായി വോട്ടെടുപ്പ് വേണമെന്ന് അംഗങ്ങളാരും ആവശ്യപ്പെടാതിരുന്നതുകൊണ്ട് നൈയാമികമായി പറഞ്ഞാൽ ആ തീരുമാനം ഏകകണ്ഠമായി പാസ്സാവുകയാണുണ്ടായത്. അതിന് കുറേ കാലങ്ങൾക്കുശേഷം ആ സിനഡംഗങ്ങളിൽ ചിലർ ആരുടെയൊക്കെയോ പ്രേരണയ്ക്ക് വശംവദരായി അവരുടെ പ്രായാധിക്യത്തിന്റെ പശ്ചാത്തലത്തിൽ സിനഡിന്റെ പ്രസ്തുത തീരുമാനത്തിനെതിരെ പരസ്യമായി രംഗത്തുവന്നത് 2021 ആഗസ്റ്റ് മാസത്തിലെ തീരുമാനം അസാധുവാക്കുകയുമില്ല.

**5. വിശുദ്ധ കുർബാനയുടെ നിയമവിരുദ്ധ പരികർമ്മവും മൗലികാവകാശ ലംഘനവും**

ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദം എല്ലാ വ്യക്തികൾക്കും നൽകുന്ന അവകാശമാണ് സ്വന്തം മതത്തിൽ വിശ്വസിക്കുവാനും ആ വിശ്വാസം ആചരിക്കുവാനുമുള്ള അവകാശം (All persons are equally entitled to freedom of conscience and the right to freely profess, practice and propagate religion subject to public order, morality and health). ഈ അവകാശം ഒരു ഭരണഘടനാവകാശത്തിലുമുപരിയായി ഒരു മൗലികാവകാശം തന്നെയായാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. പൗരസ്ത്യ കാനൻ സംഹിതയിലെ 17-ാം കാനോനയും സമാനമായി നടത്തിയിരിക്കുന്ന നിയമനിർമ്മാണം ഈ ലേഖനത്തിൽ മുകളിൽ ഉദ്ധരിച്ചത് ഇവിടെ ചേർത്തു വായിക്കേണ്ടതാണ്. 1948 ലെ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ വിളംബരത്തിലെ പതിനെട്ടാമത്തെ ആർട്ടിക്കിളിലും സ്വന്തം മതത്തിൽ വിശ്വസിക്കുവാനും ആ മതാചാരപ്രകാരമുള്ള ദൈവാരാധന നടത്തുവാനുമുള്ള അവകാശം മൗലികമായ മനുഷ്യാവകാശമായി പ്രഖ്യാപിച്ചിട്ടുള്ളതുമാകുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം, ചുരുക്കം ചില ഇടവകകളിലൊഴിച്ച്, വിശ്വാസികളുടെ ഈ മൗലികവകാശം നിഷേധിക്കുകയാണ് നിയമവിരുദ്ധ വിശുദ്ധ കുർബാനയർപ്പണം നടത്തുന്ന വൈദികർ. ഈ പശ്ചാത്തലത്തിൽ, തങ്ങൾക്ക് ഇന്ത്യൻ ഭരണഘടന അനുവദിച്ചുതന്നിട്ടുള്ള മൗലികാവകാശം സാധിച്ചു കിട്ടുന്നതിനായി സിവിൾ കോടതിയെ സമീപിച്ചിരിക്കുന്ന പരാതിക്കാരുടെ ന്യായമായ അവകാശം സാധിച്ചുകൊടുക്കുവാനുള്ള ഉത്തരവിറക്കുവാൻ തീർച്ചയായും കോടതിക്ക് അധികാരമുണ്ട്.

**ഉപസംഹാരം**

ഇന്ത്യൻ ഭരണഘടനയുടെ 26-ാം ആർട്ടിക്കിൾ പ്രകാരം ഓരോ മതവിഭാഗത്തിൽപ്പെട്ടവർക്കും വിശ്വാസവും ആചാരപരവുമായ കാര്യങ്ങളിൽ സ്വയംഭരണാവകാശമുണ്ട്. ഇതും ഒരു മൗലികാവകാശം തന്നെയാണ്. അതിൻപ്രകാരം കത്തോലിക്കാവിശ്വാസികൾക്ക് കാനൻ നിയമമനുസരിച്ച് തങ്ങളുടെ സഭയിലെ മൗലികാവകാശങ്ങൾ സാധിച്ചു കിട്ടുവാൻ സഭാധികാരികളെയും സഭാകോടതിയെയും സമീപിക്കുവാനുമാകും. എന്നാൽ, രണ്ട് വർഷത്തിൽ കൂടുതൽ തങ്ങൾക്ക് സഭ അനുശാസിക്കുന്ന വിശുദ്ധ കുർബാനയർപ്പണം നിഷേധിക്കപ്പെടുകയും ഉത്തരവാദിത്തപ്പെട്ട സഭാധികാരികൾ നിയമവിരുദ്ധമായി ബലിയർപ്പിക്കുന്ന ഇടവക വികാരിമാരെയും സഹവൈദികരെയും ശാസിക്കുകയോ, ശിക്ഷിക്കുകയോ തത്സ്ഥാനത്തുനിന്ന് മാറ്റുകയോ ചെയ്യാതെ വരികയും രൂപതാകോടതിയിലെ ന്യായാധിപന്മാർപോലും നിയമവിരുദ്ധ ബലിയർപ്പണം പരസ്യമായി തുടരുകയും ചെയ്യുമ്പോൾ ആ സഭാധികാരികളിൽ നിന്നും നീതിന്യായവ്യവസ്ഥയിൽ നിന്നും തങ്ങൾക്ക് നീതി നടന്നുകിട്ടുവാൻ സാധ്യതയില്ലെന്ന് വിചാരിച്ചുകൊണ്ട് സിവിൾ കോടതികളെ സമീപിക്കുന്ന ഒരവസ്ഥ ഇവിടെ സംജാതമായത് ഒട്ടും ആശാസ്യമോ അഭിനന്ദനാർഹമോ ആയ കാര്യമല്ലെങ്കിലും അതിന് ആ പരാതിക്കാരെ കുറ്റം പറയാനാവില്ല. കത്തോലിക്കാസഭയുടെ കാനൻ നിയമം ആ സഭയുടെ സ്വയംഭരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നത് തന്നെയാണ്. നിയമത്തിന്റെ അഭാവമല്ല, സീറോ-മലബാർ സഭയിലെ ഒരു അതിരൂപതയിൽ ഇന്ന് നടമാടുന്ന പരസ്യമായ നിയമലംഘനത്തിനാധാരം. നിയമലംഘകരെ ആവശ്യമെങ്കിൽ ശിക്ഷാനിയമവും

ശിക്ഷാനടപടികളും ഉപയോഗിച്ചും അല്ലെങ്കിൽ ഭരണപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും നേർവഴിക്ക് കൊണ്ടുവരുവാനുള്ള ഭരണാധികാരികളുടെ ആർജ്ജവമില്ലായ്മ, അഥവാ, ഒരുപക്ഷേ, കുറ്റകരമായ അനാസ്ഥ തന്നെയാണ് അതിന് കാരണം എന്ന് പറയേണ്ടിയിരിക്കുന്നു. നിയമവാഴ്ചയിൽ വിശ്വാസമില്ലാത്ത അധികാരികൾ തൽസ്ഥാനത്ത് ഇരിക്കുവാൻ യോഗ്യരല്ല. അവർ തങ്ങളുടെതന്നെ പ്രസ്ഥാനത്തെ പൊതുജനസമക്ഷം പരിഹാസപാത്രമാക്കുകയും ദുർബലപ്പെടു ത്തുകയുമാണ് തങ്ങളുടെ അനാസ്ഥമൂലം ചെയ്യുന്നതെന്ന കാര്യം ഓർക്കേണ്ടതാണ്. ഒരു പ്രസ്ഥാനത്തിന്റെയും നിയമവ്യവസ്ഥയുടെയും ശക്തി എന്ന് പറയുന്നത് ഗൗരവതരമായ കുറ്റം ചെയ്തതായി തെളിയുമ്പോൾ ആ കുറ്റക്കാരെ ആവശ്യമെങ്കിൽ ശിക്ഷിച്ചും നേർവഴിക്ക് കൊണ്ടുവരുമ്പോഴും എന്തൊക്കെ ചെയ്താലും തങ്ങൾ നന്നാവില്ല, അനുസരിക്കുകയില്ല എന്നു പറയുന്നവരെ ആ പ്രസ്ഥാനത്തിൽ നിന്ന് ബഹിഷ്കരിക്കുകയും ചെയ്യുമ്പോഴാണ്.

ഇടവകയിലെ പൊതുയോഗവും പ്രതിനിധിയോഗവും നിയമവിരുദ്ധ കുർബാന മാത്രമേ തങ്ങളുടെ പള്ളിയിൽ അനുവദിക്കൂ എന്ന തീരുമാനമെടുത്തിട്ടുണ്ട് എന്ന് വാദിക്കുന്ന വൈദികർ എറണാകുളം-അങ്കമാലി അതിരൂപതയുടെ നിയമസംഹിതയെങ്കിലും ഒന്ന് എടുത്തു വായിക്കേണ്ടതാണ്. അതിൽ "സഭയുടെ വിശ്വാസത്തെയും പ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ" ഇടവക പൊതുയോഗത്തിന്റെ ഒരു സമ്മേളനത്തിലും അംഗങ്ങളായിരിക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല എന്ന് വ്യക്തമായി എഴുതിവച്ചിട്ടുണ്ട്(6.1.1, page 187). അതുപോലെതന്നെ, "യോഗങ്ങളിൽ രൂപതാ ദ്ധ്യക്ഷന്റെ കൽപ്പനകൾക്കോ മാർഗ്ഗനിർദ്ദേശങ്ങൾക്കോ സഭയുടെ ഔദ്യോഗിക പ്രബോധനത്തിനോ കാനൻ നിയമങ്ങൾക്കോ എതിരായ പ്രസ്താവനയോ തീരുമാനമോ ചെയ്യാൻ അനുവാദമില്ല" (29, page 197) എന്ന കാര്യവും അർത്ഥശങ്കയ്ക്കിടം നൽകാത്ത രീതിയിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്. അതുപോലെതന്നെ, "സഭാനിയമമനുസരിച്ച് രൂപത മെത്രാനിലോ മേജർ ആർച്ച് ബിഷപ്പിലോ റോമാ മാർപാപ്പയിലോ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളെ സ്പർശിക്കുന്നതോ കുറച്ച് കളയുന്നതോ ആയ യാതൊരു തീരുമാനവും പൊതുയോഗത്തിലാകട്ടെ പ്രതിനിധി യോഗത്തിലാകട്ടെ പാസാക്കാൻ പാടില്ല" എന്നും പ്രസ്തുത നിയമാവലിയിൽ വിലക്കുണ്ട് (cf. 38.1). അതുപോലെതന്നെയുള്ള മറ്റൊരു നിയമമാണ് "വൈദിക മേലദ്ധ്യക്ഷന്റെ അംഗീകാരമുള്ള കുർബാനക്രമമാണ് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കേണ്ടത്" എന്ന പ്രസ്തുത നിയമാവലിയിലെ നിർദേശം. 'കുർബാനക്രമം' എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്; അല്ലാതെ കുർബാനപ്പുസ്തകത്തിലെ പ്രാർത്ഥന എന്നല്ല. കുർബാനക്രമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രാർത്ഥനകളും ആ പ്രാർത്ഥനയോട് ചേർന്നുള്ള ആചാരാനുഷ്ഠാനങ്ങളെല്ലാമാണ്.

ഇന്ത്യയിലെ സിവിൾ, ക്രിമിനൽ കോടതികളുടെ ദൗത്യം ഈ രാജ്യത്തിലെ പൗരന്മാർക്കും ഈ രാജ്യത്തിൽ ജീവിക്കുന്ന മറ്റ് വ്യക്തികൾക്കും നീതി നടത്തിക്കൊടുക്കുക എന്നതും നിയമവാഴ്ച നിലവിലുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതുമാണ്. രാജ്യത്തിലെ ജനങ്ങളുടെ മൗലികാവകാശങ്ങൾ എവിടെയൊക്കെ ലംഘിക്കപ്പെടുന്നുണ്ടോ അവിടെയൊക്കെ കോടതികൾക്ക് തങ്ങളുടെ അധികാരപരിധിയിൽ നിന്നുകൊണ്ട് ഇടപെടാനുമാകും. രാജ്യത്തിന്റെ നിയമം ഉറപ്പുതരുന്ന മതസ്വാതന്ത്ര്യം ആ മതത്തിലെ ഉത്തരവാദിത്വത്തിൽപ്പെട്ടവർത്തന്നെ വിശ്വാസികൾക്ക് നിഷേധിക്കുന്നതായി തെളിയുന്ന അവസരങ്ങളിൽ, അല്ലെങ്കിൽ അങ്ങനെയുള്ള ആരോപണങ്ങളുമായി പരാതിക്കാർ സിവിൾ കോടതിയെ സമീപിക്കുമ്പോൾ, പ്രസ്തുത കോടതിക്ക്, ആ മതത്തിന്റെതന്നെ നിയമാവലി അനുസരിച്ച് പ്രസ്തുത പരാതി പഠിക്കുവാനും വിധി പ്രസ്താവിക്കുവാനും സാധിക്കും. ഒരു വിശ്വാസ സമൂഹത്തിനും സ്വന്തമായി പോലീസില്ലാത്തതിനാൽ സമൂഹത്തിൽ സ്പർദ്ധ വരുവാനോ അശാന്തി വരുവാനോ സാധ്യതയുള്ള മതപരമായ കാര്യങ്ങളിൽ കോടതിയുടെ ഇടപെടൽ പലപ്പോഴും ഛിദ്രശക്തികളെ ഇല്ലായ്മ ചെയ്യുവാനും സമൂഹത്തിൽ ഭിന്നതയില്ലാതാക്കുവാനും സമാധാന സംസ്ഥാപനത്തിനും ഉപകരിക്കും.

മാർപാപ്പയുടെ തീരുമാനവും വിധികളും അന്തിമമാണ്. അതിനെതിരെ അപ്പീൽ ഇല്ല എന്ന് കത്തോലിക്കാസഭയുടെ കാനൻനിയമം അടിവരയിട്ട് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മാർപാപ്പയുടെ അന്തിമ തീരുമാനം വന്നപ്പോഴും അത് അംഗീകരിക്കാതെ, മാർപാപ്പ തെറ്റിദ്ധരിപ്പിക്കപ്പെട്ടു എന്ന് വാദിക്കുകയും മാർപാപ്പ തങ്ങളെ കേൾക്കണമെന്നും തങ്ങൾ പറയുന്നതനുസരിച്ച് വേണം മാർപാപ്പയും അദ്ദേഹത്തിന്റെ ഡെലിഗേറ്റും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും മേജർ ആർച്ച് ബിഷപ്പും സീറോ- മലബാർ സിനഡും പ്രവർത്തിക്കേണ്ടതെന്ന് വാദിക്കുകയും ചെയ്യുന്നവർ ആ സഭയുടെ യഥാർത്ഥ അംഗങ്ങളോ വിശ്വാസികളോ,

ആ സഭയുടെ അഭ്യുദയകാംക്ഷികളോ അല്ലെന്ന് പറയേണ്ടിവരും. സഭയെ പിളർത്തുവാനും സഭയിൽ അശാന്തി വളർത്തുവാനും വേണ്ടി സഭാശത്രുക്കളിൽ നിന്നും അവർ അച്ചാരം വാങ്ങിയിട്ടുണ്ട് എന്നുവരെ സംശയിക്കേണ്ടിയിരിക്കുന്നു. അവരെ നിലയ്ക്ക് നിർത്തുവാൻ സഭാ ധികാരികൾ പരാജയപ്പെടുമ്പോൾ അതിൽ വിജയിക്കുവാൻ സിവിൾ കോടതികൾക്ക് സാധിച്ചാൽ അത് ഒരു നേട്ടം തന്നെയായി കരുതാനാകും. എന്നിരുന്നാലും സഭാസംവിധാനങ്ങൾ താമസംവിന ശക്തിപ്പെടുത്തിക്കൊണ്ട് കാനൻ നിയമം വിഭാവനം ചെയ്തിട്ടുള്ള സ്വയംഭരണത്തിന്റെ എല്ലാ ഫലങ്ങളും സഭാതനയർക്ക് സഭയ്ക്കകത്തുതന്നെ സംലഭ്യമാകുന്ന ഒരു നല്ല നാളെയെ സ്വപ്നം കാണുവാനാണ് ഈ ലേഖകന് താല്പര്യം.